**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 365** **08-06-2021 - ൽ മറുപടിയ്ക്ക്**

**കിളിമാനൂരിൽ പുതിയ കോടതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കിളിമാനൂർ കേന്ദ്രീകരിച്ച് പുതിയ കോടതി ആരംഭിക്കുവാൻ വകുപ്പ് തലത്തിൽ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി സ.ഉ(കൈ) നം.79/2016/ ആഭ്യന്തരം തീയതി 02.03.2016 പ്രകാരം മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കോടതികളെ പ്രാധാന്യമനുസരിച്ച് മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പരിഗണിക്കുന്നത്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം മുൻഗണനാ ലിസ്റ്റിൽ നിന്നും MACT കാസർഗോഡ്, മുൻസിഫ് മജിസ്ട്രേറ്റ് കോടതി അട്ടപ്പാടി എന്നിവ മാത്രമേ ഇതുവരെ തുടങ്ങുവാൻ സാധിച്ചിട്ടുള്ളൂ. നിലവിലുള്ള മുൻഗണനാലിസ്റ്റിൽ കുറച്ചു കോടതികളെക്കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിട്ടുള്ളതിൽ 57-ാമതായി കിളിമാനൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലെ മുൻഗണനാലിസ്റ്റ് പുതുക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ